## മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

**ഡെന്നിസ് ഫോർടിൻ**

**നാലാം ക്വാർട്ടർ**

**(ഒക്ടോബർ, നവംബർ, ഡിസംബർ)**

**2018**

**വിവർത്തനം: സി. ജെ. ആന്റണി**

# ഉള്ളടക്കം

1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) ........ 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) ........ 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) ........ 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) ........ 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) ........ 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) ........ 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) ........ 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) ........ 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) ........ 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) ........ 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) ........ 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) ........ 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22–28) ........ 109.

പാഠം 6

# ഐക്യത്തിന്റെ ചിത്രങ്ങൾ

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** 1 പത്രൊ. 2:9; പുറ. 19:5,6; എഫേ.2:19–22; 1 കൊരി. 3:16, 17; 1 കൊരി. 12:12–26; യോഹ. 10:1–11; സങ്കീ.23.

**മനഃപാഠവാക്യം: "ശരീരം ഒന്നും അതിന് അവയവം പലതും, ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതു പോലെ ആകുന്നു ക്രിസ്തുവും." (1 കൊരിന്ത്യർ 12:12)**

ബൈബിൾ പഠിച്ചിട്ടുള്ള ആരും അറിയുന്നതുപോലെ, അതു പ്രതിബിംബങ്ങളും സാദൃശ്യങ്ങളും കൊണ്ടു നിറയപ്പെട്ടിരിക്കുന്നു; അവയാകട്ടെ അവയേക്കാളും മഹത്തായ യാഥാർത്ഥ്യങ്ങളെ ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണത്തിനു, ബൈബിളിൽ പറയപ്പെടുന്ന മുഴുവൻ യാഗ സമ്പ്രദായങ്ങളുടെയും സത്ത്, ഒരർത്ഥത്തിൽ, അധികം യഥാർത്ഥമായതിന്റെ സാദൃശ്യമാണു: ആ യാഥാർത്ഥ്യം യേശുവും സമ്പൂർണ്ണമായ രക്ഷാപദ്ധതിയുമാണ്.

അടിസ്ഥാന മൂലകങ്ങളായ-വെള്ളം, തീ, വായു ഇവയിൽ നിന്നുപോലും ഉപമകൾ ബൈബിളിലുണ്ട്. സന്ദർഭ-സാഹചര്യമനുസരിച്ച് ഇവ ആത്മീയ, ദൈവശാസ്ത്രപരമായ സത്യങ്ങൾ നല്കുന്നു. ഉദാഹരണത്തിന് യേശു ഇങ്ങനെ പറഞ്ഞു, "കാറ്റ് ഇഷ്ടമുള്ളിടത്ത് ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അത് എവിടെ നിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല. ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു" (യോഹ.3:8). പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാനാണ് കാറ്റിനെ ഉപയോഗിച്ചിട്ടുള്ളത്.

സഭൈക്യത്തെ സൂചിപ്പിക്കാൻ ബൈബിൾ അനേകം സാദൃശ്യങ്ങൾ ഉപയോഗിക്കുന്നു. ലോകമുന്നിൽ വിളങ്ങാൻ ദൈവം ആവശ്യപ്പെടുന്ന തരം ഐക്യത്തെ വിശദീകരിക്കുകയാണ് അവ. ഓരോ ഉപമയും അവയിൽ തന്നെ പൂർണ്ണമല്ല. എന്നാൽ, മൊത്തത്തിൽ എടുക്കുമ്പോൾ ഈ ഉപമകൾ സഭൈക്യത്തെക്കുറിച്ച് അനേകം കാര്യങ്ങൾ വെളിപ്പെടുത്തുന്നു. അതായത് ദൈവവുമായുള്ള സഭയുടെ ബന്ധം, സഭാംഗങ്ങൾ തമ്മിലുള്ളത്, സഭയും സമൂഹവുമായുള്ളതും.

ഈയാഴ്ചത്തെ പാഠം ഇത്തരം ചില ഉപമകളെക്കുറിച്ചാണ്, ക്രിസ്തുവിലുള്ള ഐക്യത്തെക്കുറിച്ച് എന്ത് വെളിപ്പെടുത്തുന്നുവെന്നും പഠിക്കാം.

**ഞായർ** **നവംബർ 4**

### ദൈവത്തിന്റെ ജനം

**1 പത്രൊ.2:9; പുറ.19:5,6; ആവ. 4:20; ആവ. 7:6 വായിക്കുക. ദൈവജനത്തിന്റെ സവിശേഷ സ്ഥാനത്തെക്കുറിച്ച് ഇവ എന്ത് പറയുന്നു?**

സഭ ഒരു ജനത്തെക്കുറിച്ചാണ്; എന്നാൽ ഏതെങ്കിലും ഒരു വിഭാഗം ജനത്തെക്കുറിച്ചല്ല. സഭ ദൈവജനമാണ്, ദൈവത്തിനുള്ള ജനം. ദൈവത്തെ പിതാവും രക്ഷിതാവുമായി ഏറ്റുപറയുന്നവർ, ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടവർ, അവനെ

അനുസരിക്കുന്നവർ. ഈ ഉപമ ഒരു ആശയത്തിന് അടിവരയിടുന്നു. രക്ഷാകര പദ്ധതി അവതരിപ്പിച്ചതുമുതൽ ദൈവത്തിന് ഭൂമിയിൽ ഒരു ജനമുണ്ട്. പഴയനിയമ ഇസ്രായേൽ മുതൽ പുതിയനിയമസഭ വരെ അതിനൊരു തുടർച്ചയുമുണ്ട്. ആദാമിന്റെ കാലം മുതൽ മഹാപ്രളയത്തിനു മുമ്പും പിമ്പുമുള്ള പിതാക്കന്മാരോടും അബ്രാഹമിനോടും ദൈവം ഒരു ഉടമ്പടി ചെയ്തിരുന്നു. ലോകത്തോടുള്ള തന്റെ സ്നേഹത്തിന്റെയും കരുണയുടെയും നീതിയുടെയും പ്രതിനിധികളായി തന്റെ ജനത്തെ തിരഞ്ഞെടുത്തിരിക്കുന്നു എന്നുള്ളതാണ് ആ ഉടമ്പടി.

ദൈവജനം "തിരഞ്ഞെടുക്കപ്പെട്ട ജനതയെന്നും" "രാജകീയ പുരോഹിത വർഗ്ഗമെന്നും" "വിശുദ്ധ രാഷ്ട്രമെന്നും" വിളിക്കപ്പെടുന്നു. അവരെ പ്രത്യേക കാര്യത്തിനായി വേർതിരിച്ചിരിക്കുന്നുവെന്ന്; "അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം" ഈ പദങ്ങൾ സൂചിപ്പിക്കുന്നു (1പത്രൊ.2:9). പുറപ്പാട് 34:6,7 വാക്യങ്ങളിൽ പറയുന്ന കൃപാലുവായ ദൈവത്തിന്റെ സ്വഭാവത്തിന്റെ മാറ്റൊലിയാണ് ദൈവജനം. "അംഗങ്ങളുടെ ജീവിതത്തിൽ തന്റെ അമൂല്യ സ്വഭാവ സവിശേഷതകൾ പ്രതിഫലിക്കണമെന്ന ആഗ്രഹത്തോടെ ദൈവം സഭയെ തന്റെ സവിശേഷ ഉടമസ്ഥതയിലാക്കുന്നു. കൂടാതെ ദൈവീക നന്മയും കരുണയും സകല മനുഷ്യരോടും പ്രഖ്യാപിക്കുവാനും ദൈവമാഗ്രഹിക്കുന്നു." - *ദി എസ്.ഡി.എ ബൈബിൾ കമന്ററി, വാല്യം 7, പേജ് 562.*

**ആവർത്തനം 7:6–8 വായിക്കുക. അബ്രഹാമിന്റെ സന്തതികളെ തന്റെ ജനമായി തിരഞ്ഞെടുക്കാൻ ദൈവത്തെ പ്രേരിപ്പിച്ചതെന്ത്? അത് ഇന്നും പ്രായോഗികമാകുന്നതെങ്ങനെ?**

നമ്മോടു തന്നെ ഒരു ചോദ്യം ചോദിക്കാം, "വിശുദ്ധ രാഷ്ട്രം" (സഭയെക്കുറിച്ചുള്ള മറ്റൊരു ഉപമ) എന്ന പദവി ഇന്ന് അർഹിക്കുന്ന ഏതു രാജ്യമാണുള്ളത്? ഒന്നുപോലുമില്ല. ദൈവത്തിന്റെ സ്നേഹവും കൃപയും അർഹിക്കാത്തവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ് സകല രാജ്യങ്ങളും വംശീയ സംഘങ്ങളും. ബൈബിൾ നമ്മെ വിശുദ്ധ ജനമാകാൻ വിളിക്കുന്നുവെങ്കിലും, തിരുവചനം ഒന്നുകൂടി പഠിപ്പിക്കുന്നുണ്ട്. ഇസ്രായേലിന്റെ തിരഞ്ഞെടുപ്പും സംസ്ഥാപനവും പൂർണ്ണമായും ദൈവത്തിന്റെ സ്നേഹത്തെ ആശ്രയിച്ചാണ്. അതിൽ മനുഷ്യന്റെ മേന്മകൾക്കൊന്നും സ്ഥാനമില്ല. ദൈവജനത്തിന്റെ രൂപീകരണം സ്നേഹ സൃഷ്ടിയുടെ പ്രവൃത്തിയാണ്. ദേശ വ്യാപകമായി പാപവും പിന്മാറ്റവും ഉണ്ടായിരുന്നിട്ടും ദൈവം അബ്രാഹമുമായുള്ള ഉടമ്പടി കാത്തു. അബ്രാഹമിന്റെ സന്തതിയായ ക്രിസ്തുവിലൂടെ തന്റെ ജനത്തെ രക്ഷിക്കുമെന്ന വാഗ്ദത്തം നിറവേറ്റി. ദൈവജനത്തിന്റെ തിരഞ്ഞെടുപ്പ് ദൈവകൃപയാലെന്നപോലെ തന്നെയാവും അവരുടെ രക്ഷയും. വിലമതിക്കാനാവാത്ത ദൈവകൃപയുടെ വേരുകളെ ഓർമ്മപ്പെടുത്തുന്നതാണ് ഈ ചിന്താവിഷയം.

**“ദൈവജനം” ആണെങ്കിൽ പോലും നമ്മുടെ പ്രവർത്തിയാലല്ല ക്രിസ്തു നമുക്കായി ചെയ്തതിനാലത്രെ രക്ഷ കൈവന്നിരിക്കുന്നത് എന്ന വിശുദ്ധ സത്യം എന്തുകൊണ്ട് എപ്പോഴും മുന്നിൽ വയ്ക്കണം?**

**തിങ്കൾ** **നവംബർ 5**

## ദൈവത്തിന്റെ ഭവനം

പുതിയനിയമത്തിൽ ദൈവജനത്തെ സൂചിപ്പിക്കുന്ന മറ്റൊരു ചിത്രം ദൈവത്തിന്റെ കുടുംബം അല്ലെങ്കിൽ ദൈവത്തിന്റെ ഭവനം ആണ്. ഇവിടെ കല്ലുകളുടെയും കെട്ടിടങ്ങളുടെയും സാദൃശ്യങ്ങളിലൂടെ സഭയ്ക്കകത്തെ സങ്കീർണ്ണവും പരസ്പര ബന്ധിതവുമായ മാനുഷിക ബന്ധങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നു. പത്രൊസ് ക്രിസ്ത്യാനികളെ “ജീവിക്കുന്ന കല്ലുകളോട്” ഉപമിക്കുന്നു (1 പത്രൊ. 2:5). ഈ ഉപമ ഒരു സ്ഥിരതയുടെയും ദൃഢതയുടെയും കൂടി സവിശേഷത സൂചിപ്പിക്കുന്നു.

**എഫേസ്യർ 2:19–22 വായിക്കുക. ഈ അദ്ധ്യായത്തിൽ പൗലൊസ് എന്ത് സുപ്രധാന ആശയമാണ് നൽകുന്നത്? സഭയിലെ ഐക്യത്തെക്കുറിച്ച് ഈ ചിത്രം എന്ത് പറയുന്നു?**

ഈ അദ്ധ്യായത്തിൽ പൗലൊസ് സഭയുടെ രണ്ട് ചിത്രങ്ങൾ സംയോജിപ്പിക്കുന്നു. ഒന്ന് ചലനമില്ലാത്ത കെട്ടിടം അഥവാ വീട്, മറ്റൊന്ന് ജീവനുള്ള ആളുകളുടെ കുടുംബം (കുടുംബക്കാർ).

കല്ല് ഒറ്റയ്ക്ക് നിന്നാൽ വിലയില്ല. എന്നാൽ ചേർത്തു വച്ചാലോ അത് ജീവിത ക്കൊടുങ്കാറ്റുകളെ നേരിടാൻ കെൽപുള്ള ഒരു ഘടനയായി മാറുന്നു. ഒരു ക്രിസ്ത്യാനിക്കും തനിച്ചൊരു കല്ലാവാൻ പറ്റില്ല. ദൈവീക കുടുംബത്തിലെ മറ്റുള്ളവരുമായി കൂട്ടായ്മയിൽ ഒന്നിച്ചു നിന്നേ പറ്റൂ. മണിമാളിക ഉറപ്പോടെ നിൽക്കണമെങ്കിൽ അടിയുറച്ച അടിസ്ഥാനത്തിന്മേൽ നിലയുറപ്പിക്കണം. യേശുക്രിസ്തുവാണ് ഈ അടിസ്ഥാനം. ദൈവകുടുംബത്തിന്റെ “മൂലക്കല്ലും” (1 കൊരി.3:11 കൂടി കാണുക). ക്രിസ്തുവിനെ അടിസ്ഥാന ശിലയാക്കിയില്ലെങ്കിൽ സഭയ്ക്കും നിലനിൽപ്പ് ഇല്ലാതാവും. സഭ യഥാർത്ഥത്തിൽ യേശുക്രിസ്തുവിനെക്കുറിച്ചാണ്: യേശുവിന്റെ ജീവിതം, മരണം, ഉത്ഥാനം, വീണ്ടുംവരവ്. യേശു എന്ന സുവർത്തമാനം ലോകത്തോട് അറിയിക്കാൻ ഒരുമിച്ചു ചേർന്ന സമൂഹമാണ് സഭ. അതിന്റെ കാര്യപരിപാടി തന്നെ യേശുക്രിസ്തുവാണ്: യേശു ആര്, നമുക്കുവേണ്ടി എന്തു ചെയ്തു, ഇപ്പോൾ എന്തു ചെയ്യുന്നു, തന്നെ കർത്താവും രക്ഷകനുമായി സ്വീകരിക്കുന്ന ഏവനും വാഗ്ദത്തം ചെയ്യുന്നത് എന്ത്.

കുടുംബത്തിന്റെ ചിത്രവും വളരെ അർത്ഥവത്താണ്. ജനത്തിന്റെ പരസ്പര ബന്ധത്തെ ആശ്രയിച്ചാണ് ഇതിരിക്കുന്നത്. പിതാവും മാതാവും, സഹോദരനും സഹോദരിയും ഒക്കെയുള്ള സുപരിചിതമായ ഒരു ചിത്രമാണിത്. കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം ശക്തമായിരിക്കും. അവിടെയുള്ള വിശ്വസ്തത മറ്റെല്ലാ

ബാഹ്യ ബന്ധങ്ങളെയും കവിഞ്ഞുപോകും. വിശ്വസ്തത ഐക്യത്തിന്റെ വലിയ ഘടകമാണ്. അല്ലെങ്കിലും വിശ്വസ്തതയില്ലാതെ എന്ത് ഐക്യം?

ഈ ചിത്രം എങ്ങനെ സഭയുമായി ബന്ധപ്പെട്ടു കിടക്കുന്നു? സഭാംഗങ്ങൾ വലിയൊരു കുടുംബത്തിലെ അംഗങ്ങൾ കൂടിയാണ്. ഏക പിതാവായ ആദാമിലൂടെ മാത്രമല്ല നമ്മൾ മനുഷ്യകുടുംബത്തിലെ അംഗങ്ങളായത്. "വീണ്ടും ജനന" അനുഭവത്തിലൂടെ രണ്ടാമത്തെ ആദാമായ യേശുക്രിസ്തുവിനോടുള്ള ബന്ധത്താൽ കൂടിയാണത്. അങ്ങനെ നമ്മൾ പരസ്പരം ഒരുമിക്കുന്നത് പൊതുവായ സൈദ്ധാന്തിക സത്യങ്ങളാൽ മാത്രമല്ല യേശുവിൽ പുതുജീവൻ നേടിയ മാനസാന്തരപ്പെട്ട ആത്മാക്കളെന്ന അനുഭവത്തിലുമാണ്.

**ദുഃഖകരമെന്തെന്നാൽ സ്വകുടുംബവുമായി പലർക്കും നല്ല ബന്ധം ഇല്ല. അതുകൊണ്ട്, അത്തരക്കാർക്ക് ഇപ്പറഞ്ഞതിൽ പ്രത്യേകതകളൊന്നും തോന്നില്ല. എന്നിരുന്നാലും സഭയെന്ന നിലയ്ക്ക് ഇവർക്ക് ലഭിക്കാതെ പോയ കുടുംബമാകാൻ എങ്ങനെ സാധിക്കും?**

**ചൊവ്വ** **നവംബർ 6**

## പരിശുദ്ധാത്മാവിന്റെ മന്ദിരം

കെട്ടിടത്തെക്കുറിച്ച് പൗലൊസ് ഉപയോഗിക്കുന്ന മറ്റൊരു ഉപമ ദൈവത്തിന്റെ അല്ലെങ്കിൽ പരിശുദ്ധാത്മാവിന്റെ മന്ദിരം ആണ്, വിലമതിക്കാനാവാത്ത അമൂല്യമായ ഒരു കെട്ടിടത്തിന്റെ ചിത്രം. ശരീരം പരിശുദ്ധാത്മാത്മ ആലയമായി ചിത്രീകരിച്ചിരിക്കുന്ന 1കൊരി.6:19-നൊപ്പം പുരാതനമായ ഏറ്റവും പരിശുദ്ധവും അമൂല്യവുമായ ദൈവത്തിന്റെ ആലയത്തെ (യെരുശലെം) ചിത്രീകരിക്കാൻ ഉപയോഗച്ചിരിക്കുന്നു 1കൊരി.3:16,17 വാക്യങ്ങൾ.

**1 കൊരിന്ത്യർ 3:16,17 വായിക്കുക. സഭ പരിശുദ്ധാത്മാത്മ ആലയം, എന്തർത്ഥമാക്കുന്നു? 17-ാം വാകൃത്തിലെ താക്കീത് എന്തിനെക്കുറിച്ചാണ്?**

പൗലൊസ് സഭയെക്കുറിച്ച് പറയുമ്പോൾ ഭൗതികമായ ഒരു ദേവാലയമോ ദൈവത്തിനു താമസിക്കാനുള്ള സ്ഥലമോ അല്ല മനസ്സിലുണ്ടായിരുന്നത്. ഗ്രീക്കുഭാഷയിലുള്ള പുതിയനിയമത്തിൽ 'നീ' എന്ന വാക്കിനെ വ്യത്യസ്തമായി ഉപയോഗിച്ചിരിക്കുന്നു. ഒരു വ്യക്തിയെ സൂചിപ്പിക്കുവാൻ "നീ" ഏകവചനമായും അനേകം പേരെക്കുറിച്ചു പറയാനായി "നിങ്ങൾ" ബഹുവചനമായും പ്രയോഗിച്ചിരിക്കുന്നു. ഇവിടെ രണ്ടാമത്തെ അർത്ഥമാണ് വരിക. ഈ ഉപമ ഒരു വൻകിട കമ്പനിക്ക് സദൃശം: കൊരിന്തിലെ ക്രിസ്ത്യാനികൾ ഒന്നടങ്കമാണ് പരിശുദ്ധാത്മാവിന്റെ ആലയമാകുന്നത്. ആത്മീയ അർത്ഥത്തിൽ ദൈവം അവർക്കിടയിൽ വസിക്കുന്നു.

പൗലൊസിന്റെ അഭിപ്രായപ്രകാരം, ദൈവം ക്രിസ്തീയ കൂട്ടായ്മയിൽ വസിക്കുന്നു. അതുകൊണ്ട് ഇങ്ങനൊരു മുന്നറിയിപ്പും നൽകുന്നു, ആരെങ്കിലും ഈ കൂട്ടായ്മ തകർക്കാൻ ശ്രമിച്ചാൽ ന്യായവിധിയിൽ പ്രത്യാഘാതം നേരിടേണ്ടി വരും. വിശ്വാസികളുടെ ഐക്യവും ആലയത്തിലെ ദൈവസാന്നിദ്ധ്യവുമാണ് ഈ കൂട്ടായ്മയുടെ കാതൽ. ഭൗതീക ശരീരത്തെ സംരക്ഷിക്കുന്ന അർത്ഥത്തിലാണ് ഈ

വാക്യം ഉപയോഗിക്കപ്പെടുന്നതെങ്കിലും (ഇതാണ്, തീർച്ചയായും ക്രിസ്ത്യാനികൾ ചെയ്യേണ്ടത്) പൗലൊസ് പറയാനാഗ്രഹിച്ച സവിശേഷ കാര്യം ഇതല്ല. സഭയുടെ ഐക്യം തകർക്കുന്ന ചിലരെക്കുറിച്ചാണ് പൗലൊസിന്റെ ദൂത്.

ഐക്യത്തിൻമേലുള്ള വെല്ലുവിളികളെന്തെന്ന് നേരത്തെ ഈ അദ്ധ്യായത്തിൽ പൗലൊസ് സൂചിപ്പിച്ചിരുന്നു: "നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ" (1 കൊരി. 3:3). ഇത്തരം സ്വഭാവവും മനഃസ്ഥിതിയും ക്രിസ്തീയ ഐക്യത്തിന് യഥാർത്ഥ ഭീഷണികളാണ്. സഭയിൽ നിന്ന് ദൈവസാന്നിദ്ധ്യം ഇറങ്ങിപ്പോവാനും ഇതിടയാക്കും. അഥവാ സഭാ വഴക്കുകൾ ദൈവാലയത്തെ തകർക്കും. അതിനാൽ, അംഗങ്ങൾ സഭൈക്യത്തെ അപകടത്തിലാക്കുന്ന സ്വഭാവങ്ങളും മനഃസ്ഥിതിയും മാറ്റണം.

സഭയിൽ ഭിന്നിപ്പുകളുണ്ടാകുമ്പോൾ കൊരിന്തിലെ സഭയ്ക്ക് പൗലൊസ് നൽകിയ ഉപദേശം ഇന്നും പ്രായോഗികമാണ്: "സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നേ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു" (1 കൊരി. 1:10).

**അസൂയ, സ്പർദ്ധ, ഭിന്നിപ്പ് – ഇവ മാത്രമായിരുന്നില്ല പൗലൊസിന്റെ കാലത്ത് സഭ നേരിട്ട പ്രശ്നങ്ങൾ. അവ ഇന്ന് നമ്മളും അഭിമുഖീകരിക്കുന്നുണ്ട്. ഐക്യത്തെ തകർക്കുന്ന പ്രശ്നങ്ങളെ നേരിടാൻ നമുക്കോരോരുത്തർക്കും ഉള്ള പങ്കെന്താണ്?**

**ബുധൻ** **നവംബർ 7**

## ക്രിസ്തുവിന്റെ ശരീരം

സഭയുടെ ഏറ്റവും നന്നായി അറിയപ്പെടുന്നതും ക്രിസ്തുവിന്റെ ശരീരത്തിലെ വിവിധ ഭാഗങ്ങളുടെ ഐക്യത്തെക്കുറിച്ച് അതിശക്തമായി സംസാരിക്കുന്നതുമായ ദൃഷ്ടാന്തം ക്രിസ്തുവിന്റെ ശരീരം ആണ്. "ശരീരം ഒന്നും, അതിന് അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതു പോലെ ആകുന്നു ക്രിസ്തുവും. .... എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറായി അവയവങ്ങളും ആകുന്നു" (1കൊരി.12:12,27).

വിവധ ഭാഗങ്ങൾ കൊണ്ട് ഉണ്ടാക്കിയിരിക്കുന്ന ഒന്നാണ് ശരീരം. ഓരോന്നിനും വിവിധ കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളുമുള്ളതുപോലെയാണ് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ.

**1 കൊരിന്ത്യർ 12:12–26 വായിക്കുക. അനേക അവയവങ്ങൾ ചേർന്ന് ഒരു ശരീരം എന്ന സങ്കൽപം എങ്ങനെ പ്രാദേശിക സഭയ്ക്ക് ബാധകമാകുന്നു? സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭ പോലൊരു ആഗോള സംഘടനയ്ക്ക് ഇതെങ്ങനെ ബാധകമാകുന്നു?**

1 കൊരിന്ത്യർ 12-ൽ പൗലൊസ് ക്രിസ്തീയ ഐക്യത്തെക്കുറിച്ച് ഒരു ആധികാരിക യാഥാർത്ഥ്യം പറയുന്നു. വൈവിധ്യം മാത്രമല്ല വൈവിധ്യമില്ലാതെയുമല്ല

ക്രിസ്തീയ ഐക്യം. എന്നാലോ അത് വൈവിധ്യത്തിലൂടെയാണ് നിലനിൽക്കുന്നത്. ഈ വൈവിധ്യ ഭാവങ്ങളുടെ ഉറവിടം പരിശുദ്ധാത്മാവാണ്. അതിനാൽ നാം ആശ്ചര്യപ്പെടേണ്ടതില്ല. മനുഷ്യശരീരം ഒരുമയോടെ നിൽക്കുമ്പോഴും അതിശയിപ്പിക്കും വിധം വൈവിധ്യം നിറഞ്ഞതുമാണ്. ഇതുപോലെ തന്നെ ക്രിസ്തുവിന്റെ ശരീരവും. വൈവിധ്യങ്ങൾ ക്രിസ്തു ശരീരത്തിന്റെ പൂർണ്ണതയും സമ്പന്നതയും വിളിച്ചോതുന്നു.

ഈ ചിത്രം നമ്മോടു നേരിട്ട് ഒരു സഭയെന്നവണ്ണം സംസാരിക്കുന്നു. കഴിഞ്ഞ ഏതാനം പതിറ്റാണ്ടുകളിൽ സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭ അതിശീഘ്രം ബഹുദൂരം വളർന്നു. സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭയിലെ അംഗങ്ങൾ വിവധ സാംസ്ക്കാരങ്ങളിലും ദേശങ്ങളിലും നിന്നുള്ളവരാണ്. നമ്മുടെ വംശം, കുലം, സംസ്ക്കാരം, വിദ്യാഭ്യാസം, പ്രായം തുടങ്ങിയ വ്യതിയാനങ്ങൾ ഒന്നും തന്നെ നമ്മെ ക്രിസ്തുവിൽ നിന്നു പിരിക്കുന്നില്ല. ഇനി എന്തെങ്കിലുമുണ്ടെങ്കിൽ തന്നെ വൈവിധ്യത്തെ പരിശുദ്ധാത്മാവ് ഐക്യത്തിനുള്ള ശക്തിയായി മാറ്റും. എത്ര തന്നെ വ്യത്യാസങ്ങളുണ്ടെങ്കിലും നാമെല്ലാം ക്രിസ്തുവിൽ ഒന്നാണെന്ന സത്യം വെളിപ്പെടും.

നേരത്തെ കണ്ടതു പോലെ, നമ്മളാരെന്നോ എവിടെ നിന്നു വന്നുവെന്നോ നോക്കാതെ കുരിശിന്റെ ചുവട്ടിൽ നാം തുല്യരാണ്. നമുക്കു ചുറ്റുമുള്ള ലോകം കൂടുതൽ ഛിന്നിക്കപ്പെടുമ്പോൾ നാനാത്വത്തിൽ ഏകത്വം സാദ്ധ്യമാണെന്ന് സഭ കാണിച്ചു കൊടുക്കണം. മുറിവുണക്കാനും അകന്നു പോയവരുമായി നിരപ്പാകാനുമുള്ള സുവിശേഷത്തിന്റെ ശക്തി മറ്റുള്ളവർക്കു കാണിച്ചു കൊടുക്കാൻ ദൈവജനത്തിന് ആകണം.

ഇതെങ്ങനെ സാധ്യമാകുമെന്ന് പൗലൊസ് പറഞ്ഞു തരുന്നു. "ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതു പോലെ ഭർത്താവു ഭാര്യയ്ക്കു തലയാകുന്നു" (എഫേസ്യർ 5:23). "അവൻ സഭ എന്ന ശരീരത്തിന്റെ തലയുമാകുന്നു" (കൊലൊസ്സ്യർ 1:18). ഓരോ വിശ്വാസിയും ക്രിസ്തുവുമായി ആത്മീകമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ശരീരം മുഴുവൻ ഒരേ ആഹാരത്താൽ പോഷിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തിരുവചന പഠനത്തിന്റെ പ്രാധാന്യം കുറച്ചു കാണരുത്. പഠിക്കുന്ന വചനത്തോട് പൂർണ്ണ വിധേയത്വം വേണം. ക്രിസ്തുവെന്ന ശരീരത്തിൽ ഐക്യത്തിന് ആരാധനയുടെയും പ്രാർത്ഥനയുടെയും അനുഭവവും വേണം.

**വ്യാഴം** **നവംബർ 8**

## ആടുകളും ആട്ടിടയനും

**യോഹന്നാൻ 10:1–11 വായിക്കുക. ആട്ടിൻകൂട്ടത്തിന്റെ ഉപമ സഭൈക്യത്തെക്കുറിച്ച് എന്തൊക്കെ പറയുന്നു? സങ്കീർത്തനം 23 കൂടി കാണുക.**

വൻനഗരങ്ങളുള്ള ആധുനിക ലോകത്തിൽ മൃഗ സംരക്ഷണ വിഭാഗം എന്നൊന്ന് അതിവിരളമായേ കണ്ടെത്താനാകൂ. ഇന്ന് പലർക്കും ആടുകളും ആട്ടിടയനും

തമ്മിലുള്ള ബന്ധം മനസ്സിലാവില്ല. എന്നാലും യേശു ഈ ഉപമ പറഞ്ഞപ്പോൾ ജനം വളരെ നന്നായി മനസ്സിലാക്കി. “ഞാൻ നല്ല ഇടയനാകുന്നു” എന്ന് യേശു പറഞ്ഞപ്പോൾ അത് സങ്കീർത്തനം 23:1-ൽ നിന്നാണെന്ന് പെട്ടെന്ന് മനസ്സിലാക്കുകയും അഭിനന്ദിക്കുകയും ചെയ്തു: “ദൈവം എന്റെ ഇടയനാകുന്നു”. ആ ചിത്രം വ്യക്തമായിരുന്നു എന്നു മാത്രമല്ല വൈകാരിക മൂല്യങ്ങൾ അതിന്റെ അർത്ഥം കൂടുതൽ വ്യക്തവുമാക്കി. പുരാതന പൗരസ്ത്യ സംസ്ക്കാരമനുസരിച്ച് ആട്ടിടയന്മാർ വെല്ലുവിളികൾ എന്തു തന്നെ വന്നാലും ആടുകളുടെ സംരക്ഷണത്തിനായി സമർപ്പിച്ചവരാണ്. ഇന്നും മദ്ധ്യകിഴക്കൻ പ്രദേശങ്ങളിൽ ഇതു തന്നെയാണ് സ്ഥിതി. ദൈവസ്വഭാവവും ജനത്തോടുള്ള ബന്ധവും കാണിക്കാൻ ആട്ടിടയന്റെ ഉപമ സുവിശേഷത്തിൽ ഉപയോഗിച്ചത് ഏറ്റവും പ്രിയപ്പെട്ടതായി.

ദൈവജനത്തെ ആടുകളായി ചിത്രീകരിച്ചിരിക്കുന്നതും വളരെ രസകരമാണ്. ആടുകളുടെ നമുക്കറിയാവുന്ന ഒരു സ്വഭാവം ആരെയും ഉപദ്രവിക്കില്ലെന്നതും പ്രതിരോധ ശക്തിയില്ലായ്മയുമാണ്. അവർ ഒരു നല്ല ആട്ടിടയിനിലാണ് സുരക്ഷയ്ക്കും മാർഗ്ഗദർശനത്തിനുമായി ആശ്രയിക്കുന്നത്. തുറന്നു പറഞ്ഞാൽ മഠയന്മാരായാണ് ആടുകളെ കാണുന്നത്. ചിലപ്പോൾ ആടിന് വഴിതെറ്റും, അതിനെ കാണാതാകും. ഇടയൻ തേടിക്കണ്ടുപിടിച്ച് ആട്ടിൻകൂട്ടത്തിനൊപ്പം വീണ്ടും ചേർക്കും. ആട്ടിൻകുട്ടികളെ തോളിലെടുക്കുകയും പ്രത്യേകം ശ്രദ്ധിക്കുകയും വേണം. ആടുകളെ മേയ്ക്കണമെങ്കിൽ ക്ഷമയും തിരിച്ചറിവുകളും ആവശ്യമാണ്. പലപ്പഴും ഇതാണ് സഭയെ ഉപമിക്കാൻ മികച്ചത്. സഭാംഗത്തിന് ഒന്നും പേടിക്കാനേയില്ല, ഇടയനുമായുള്ള ബന്ധത്തിൽ നേട്ടങ്ങളേ ഉണ്ടാവൂ.

ഇടയന്റെ ശബ്ദം ആടുകൾ ശ്രവിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും യേശു ഈ ഉപമയിലൂടെ അറിയിച്ചു. സാഹചര്യം ആവശ്യപ്പെടുന്നതിനനുസരിച്ച് ഏതാനം ആട്ടിൻകൂട്ടത്തെ ഒരേ തൊഴുത്തിലടച്ച് സംരക്ഷിക്കാനാവും. പിന്നീടെങ്ങനെ അവയെ വേർതിരിക്കും? അതിന് ഇടയൻ കൂടിന്റെ വാതിൽക്കൽ നിന്ന് വിളിക്കുകയേ വേണ്ടൂ. തന്റെ ആടുകൾ സ്വരം തിരിച്ചറിഞ്ഞ് അടുത്തേക്കു വരും. “തനിക്കുള്ളവയെ ഒക്കെയും പുറത്തുകൊണ്ടുപോയ ശേഷം, അവൻ അവയ്ക്കു മുമ്പായി നടക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു” (യോഹ. 10:4). ഇടയന്റെ ശബ്ദത്തിന് ചെവി കൊടുക്കുകയെന്നത് സഭയ്ക്ക് നിർണ്ണായകമാണ്. വാസ്തവത്തിൽ ദൈവജനത്തിന്റെ ഐക്യവും സുരക്ഷയും ദൈവത്തോടുള്ള അടുപ്പത്തെയും ആ ശബ്ദത്തെയും വിധേയത്വത്തോടെ അനുസരിക്കുന്നതിലുമാണ് ആശ്രയിച്ചാണിരിക്കുന്നത്.

**ജനം പൊതുവേ ആട് ആയി ചിത്രീകരിക്കപ്പെടാൻ ആഗ്രഹിക്കുന്നില്ല. എന്നിരുന്നാലും ഈ ഉപമ നമുക്ക് അത്രമേൽ ഒക്കുന്നതെങ്ങനെ? ഇടയനെക്കൊണ്ട് എന്താണ് ആവശ്യമെന്നും ആ ശബ്ദം അനുസരിക്കേണ്ടത് എന്തിനാണെന്നുമാണ് ഈ ഉപമ നമ്മെ പഠിപ്പിക്കുന്നത്?**

**കൂടുതൽ പഠനം:** *എലൻ ജി. വൈറ്റ്, "ദി ഡിവൈൻ ഷേപ്പേർഡ്", പേജ് 476-484, "ദി ഡിസയർ ഓഫ് ഏജസിൽ" നിന്ന്. "ദി ചർച്ച് ഓൺ എർത്ത്" പേജ് 240-243, കൗൺസൽസ് ഫോർ ദി ചർച്ചിൽ നിന്ന്.*

"യെരുശലെം ദൈവാലയം, എങ്ങും നിറഞ്ഞു നിന്ന ഗ്രീക്ക്-റോമൻ ആകാരങ്ങൾ, ഇവയുടെ പശ്ചാത്തലത്തിലാണ് പുതിയ നിയമ എഴുത്തുകാർ ദൈവാലയം എന്ന ഉപമ ഉപയോഗിക്കുന്നത്. സഭയുടെ വിശുദ്ധിയെക്കുറിച്ച് വിശ്വാസികൾക്ക് മനസ്സിലാക്കാനും സഭാ സ്ഥാപനത്തിലും വളർച്ചയിലും ദൈവത്തിനുള്ള പങ്കിനെക്കുറിച്ചറിയാനും വേണ്ടിയായിരുന്നു ഇത്. കൂടാതെ പരിശുദ്ധാത്മാവിന്റെയും ക്രിസ്തുവിന്റെയും പ്രസ്താവ്യമായ പ്രവർത്തികളും സഭയ്ക്കകത്ത് വിശ്വാസികളുടെ ഐക്യദാർഢ്യവും അറിയാനും ഇതുപയോഗപ്പെടുത്തി. വാസ്തുശിൽപ രംഗം ഒരു നിശ്ചലചിത്രമായിരിക്കും പ്രതീക്ഷിച്ചത്. എന്തു തന്നെയായാലും ജീവശാസ്ത്രതലത്തിലുള്ള ചിത്രമായി ഈ ഉപമ നിലകൊള്ളുന്നു. പണിയുക എന്ന പ്രക്രിയയെപ്പറ്റി പലതവണ ഊന്നിപ്പറയുന്നു. ഒരു നിശ്ചലചിത്രമെന്നതിലുപരി പണിതീർന്ന ഒരു കെട്ടിടമല്ല പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ചിത്രമാണ് നമ്മോടു കാണുവാൻ ആവശ്യപ്പെടുന്നത്. 'ജീവിക്കുന്ന ദൈവത്തിന്റെ ആലയം' എന്ന് താഴ്മയോടെ അംഗീകരിക്കാൻ സഭയുടെ ജീവിതകഥയിൽ ഒരു സവിശേഷ അവസരം നൽകിയിരിക്കുകയാണ്" (2കൊരി. 6:16) -*ജോൺ മക് വേയ്, "ബിബ്ലിക്കൽ മെറ്റഫേഴ്സ് ഫോർ ദി ചർച്ച്: ബിൽഡിംഗ് ബ്ലോക്സ് ഫോർ എക്ലീസിയോളജി", എയ്ഞ്ചൽ മാമ്വൽ റോഡ്രിഗസിൽ നിന്ന്. പതിപ്പ് മെസേജ്, മിഷൻ ആൻഡ് യൂണിറ്റി ഓഫ് ദി ചർച്ച് (ഹേഗേഴ്സ്ടൗൺ, മെരിലാൻഡ്:റിവ്യൂ ആൻഡ് ഹെറാൾഡ്, 2013) പേജ് 52.*

**ചർച്ച**

1. **സഭയേക്കുറിച്ച് ബൈബിൾ ചിത്രങ്ങൾ ശ്രദ്ധിക്കുക. ഏതാണ് നിങ്ങൾക്കേറ്റവുമിഷ്ടം? എന്തുകൊണ്ട് അതിനോട് ആകർഷിക്കപ്പെട്ടു? മറ്റു ചില വിശേഷണങ്ങളും ഈ വാകൃങ്ങളിൽ കാണാം: 1തിമൊ.3:15, 2 തിമൊ.2:3-5, 1 പത്രൊ.2:9. മറ്റെന്തൊക്കെ ഈ വിശേഷണങ്ങൾ സഭയെക്കുറിച്ച് പഠിപ്പിക്കുന്നു?**
2. **"ക്രിസ്തീയ കൂട്ടായ്മയുടെ ഇഴയടുപ്പമുള്ള ബന്ധത്തിൽ തന്റെ ജനം ഒന്നിക്കാൻ ദൈവം ആഗ്രഹിക്കുന്നു. സഹവിശ്വാസികളിലുള്ള ആത്മവിശ്വാസം സഭയുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. ഒരാത്മീയ പ്രതിസന്ധിയിൽ ഒത്തൊരുമിച്ചുള്ള പ്രവർത്തനം വളരെ വലുതാണ്. വർഷങ്ങളെടുത്താലും കരകയറാനാവാത്ത വിധം കഷ്ടതകളിലേക്കും പരീക്ഷകളിലേക്കും ഒരു അപകടമായ ചുവടോ അശ്രദ്ധമായ പ്രവർത്തിയോ സഭയെ തള്ളിവിടും." – എലൻ ജി. വൈറ്റ്, ടെസ്റ്റിമണീസ് ഫോർ ദി ചർച്ച് വാല്യം3,**

**പേജ് 446. സഭയുടെ ഐക്യം കാക്കാൻ നമ്മൾ എത്രമാത്രം ശ്രദ്ധാലുക്കളാവണം? ഈ വിശുദ്ധ ഉത്തരവാദിത്തത്തിൽ നമുക്കോരോരുത്തർക്കുമുള്ള പങ്കെന്ത്?**

3. **ഞായറാഴ്ചത്തെ പാഠത്തിൽ പഠിച്ചു "ദൈവത്തിന്റെ സ്വന്ത ജനം" ആണെങ്കിൽ കൂടി രക്ഷയ്ക്കായി നമ്മൾ ദൈവത്തിന്റെ കൃപയിൽ മാത്രമാശ്രയിക്കണം. ഒരിക്കലും നമ്മുടെ കഴിവിനേക്കുറിച്ചേ ചിന്തിക്കരുത്. യഥാർത്ഥത്തിൽ രക്ഷയ്ക്കായി ദൈവത്തിലാശ്രയിക്കുന്നതല്ലേ നമ്മെ ദൈവജനമാക്കുന്നത്? എന്തുകൊണ്ട് ഇതൊരു സാധുതയുള്ള അവകാശവാദമാകുന്നു അല്ലെങ്കിൽ ആകുന്നില്ല?**

**സംഗ്രഹം:** സഭയുടെ സ്വഭാവവും ദൗത്യവും വിവരിക്കാനായി പുതിയ നിയമം വിവിധ വിശേഷണങ്ങൾ ഉപയോഗിക്കുന്നു. അതിലും പ്രധാനം ദൈവം തന്റെ ജനത്തെ വീക്ഷിച്ച് സംരക്ഷിക്കുന്നുണ്ടെന്നും ഈ ചിത്രങ്ങൾ നമുക്കു പറഞ്ഞു തരുന്നു. ദൈവജനം പരസ്പരം അടുപ്പമേറിയ ബന്ധത്തിലാണെന്നും ഏൽപിച്ച ദൗത്യം പൂർത്തീകരിക്കാൻ അന്യോന്യം ആവശ്യമാണെന്നും ഈ ചിത്രങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

****